**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2137** **16-03-2022 - ൽ മറുപടിയ്ക്ക്**

**പൂവ്വാർ ആശുപത്രിയ്ക്ക് എക്സറേ മെഷീൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2021 -22 ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം രണ്ടിൽ പത്താം നമ്പറായി ഉൾകൊള്ളിച്ചിട്ടുള്ള കോവളം നിയോജകമണ്ഡലത്തിലെ പൂവ്വാർ ആശുപത്രിയിൽ എക്സറേ മെഷീൻ വാങ്ങുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകേണ്ടത് ആരാണെന്നും ഇതിനുള്ള ഭരണാനുമതി നൽകുന്നത് ആരാണെന്നുമുള്ള വിശദാംശം അറിയിക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനു കീഴിൽ 2021-22 ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം (2) ൽ 10ാം നമ്പറായി ഉൾക്കൊള്ളിച്ചിട്ടുള്ള കോവളം നിയോജക മണ്ഡലത്തിലെ പൂവാർ ആശുപത്രിയിലെ എക്സ്റേ മെഷീൻ മെയിൻ ബിൽഡിങ്ങിനു മുകളിൽ ഒരു നില നിർമ്മാണം എന്നീ പ്രവർത്തികൾക്ക് 100 ലക്ഷം രൂപ വകയിരുത്തുകയും ആയതിൽ നിലവിലെ ഒ.പി ബ്ലോക്കിനു മുകളിലെ എക്സ്റ്റൻഷൻ വർക്കിന് 60 ലക്ഷം രൂപയുടെ ഭരണാനുമതി ആവുകയും ചെയ്തിട്ടുണ്ട്. ടി പ്രവർത്തികളെല്ലാം തന്നെ പി.ഡബ്ല്യൂഡി നിർവഹിക്കേണ്ടതാണ്. |
| (ബി) | പ്രസ്തുത ബഡ്ജറ്റിൽ അനുബന്ധം രണ്ടിൽ 2754 നമ്പറായി കൊടുത്തിട്ടുള്ള ഈ മണ്ഡലത്തിലെ വിഴിഞ്ഞം ആശുപത്രിയിൽ എക്സ്റേ യൂണിറ്റും സ്കാനിങ് മെഷീനും വാങ്ങുന്നതിന് ഒരു കോടി രൂപ ഉൾപ്പെടുത്തുകയും വകയിരുത്തുകയും ചെയ്തിട്ടും നാളിതുവരെ ഭരണാനുമതി ലഭിച്ചില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതും ഭരണാനുമതി നൽകുന്നതും ആരാണെന്ന് വ്യക്തമാക്കുമോ? | (ബി) | 2021-22 ബഡ്ജറ്റിൽ മേൽപ്പറഞ്ഞ പ്രകാരം വിഴിഞ്ഞം ആശുപത്രിയിൽ എക്സ്റേ യൂണിറ്റും സ്കാനിങ് മെഷീനും വാങ്ങുന്നത് സംബന്ധിച്ച് വിഴിഞ്ഞം ആശുപത്രിയിൽ നിന്നും നൽകുന്ന പ്രൊപ്പോസലിന്മേൽ ബയോമെഡിക്കൽ എഞ്ചിനീയർ ഡി.പി. ആർ തയ്യാറാക്കി നൽകുന്ന മുറയ്ക്ക് ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ